## പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1824**     **04.10.2011-ൽ മറുപടിക്ക്**

### ഖരമാലിന്യ സംസ്ക്കരണത്തിന് നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഗീതാ ഗോപി | ഡോ.എം.കെ.മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പു മന്ത്രി) |
| എ) ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം നിലവിലുണ്ടെന്ന് വ്യക്തമാക്കാമോ; | എ) ഖരമാലിന്യ സംസ്കരണത്തിന് പൊതുമാലിന്യ സംസ്കരണ പ്ലാന്റുകൾ നിലവിലുണ്ടായിരുന്നത് പട്ടാമ്പി, കരുളായി, നാദാപുരം, കോട്ടയ്ക്കൽ, മംഗൽപ്പാടി, അജാനൂർ, കട്ടപ്പന, മൂന്നാർ, അടിമാലി, നീലേശ്വരം എന്നീ 10 പഞ്ചായത്തുകളിലാണ്. കോട്ടയ്ക്കലും, നീലേശ്വരവും ഇപ്പോൾ മുനിസിപ്പാലിറ്റികളാണ്. |
| ബി) എല്ലാ ഗ്രാമപഞ്ചായത്തുകളിലും ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ ? | ബി) ഖരമാലിന്യ സംസ്കരണത്തിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള ഉത്തരവാദിത്വം 1994ലെ കേരള പഞ്ചായത്ത് രാജ് ആക്ട് പ്രകാരം അതാത് ഗ്രാമപഞ്ചായത്തിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിലേക്ക് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുകയാണെങ്കിൽ ആയതിനുള്ള സാങ്കേതികാനുമതിയും ഭാഗിക സാമ്പത്തിക സഹായവും ശുചിത്വ മിഷൻ വഴി നൽകി വരുന്നുണ്ട്. ഗ്രാമപഞ്ചായത്തുകളിൽ സ്ഥാപിക്കുന്ന ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾക്ക് ഇപ്പോൾ നൽകി വരുന്ന പദ്ധതി തുകയുടെ 60% അല്ലെങ്കിൽ 7.50 ലക്ഷം രൂപ എന്നത് ഉയർത്താനുള്ള തീരുമാനം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ